"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കൊണ്ടോട്ടി സബ് ട്രഷറിയിൽ നിലനിർത്തിയിട്ടുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും റസ്യൂം ചെയ്ത 10,01,213 രൂപ കുടുംബശ്രീയുടെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് റീ അലോക്കേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.177/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-
1. 25.02.2023 തീയതിയിലെ സ.ഉ(സാധാ.) നം.485/2023/ എൽ.എസ്.ജി.ഡി.
2. 18.03.2023 തീയതിയിലെ സ.ഉ(സാധാ.) നം.651/2023/എൽ.എസ്.ജി.ഡി.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22-06-2024 തീയതിയിലെ LSGD/1391/2024/PE2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് അനുവദിച്ച 10,01,213/-രൂപ ഗ്രാമപഞ്ചായത്തിന്റെ കൊണ്ടോട്ടി സബ്ബ് ട്രഷറിയിലെ എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 2021-22 സാമ്പത്തിക വർഷാവസാനം റിസംപ്ഷൻ മുഖേന സർക്കാർ പിൻവലിച്ചിരുന്നു. പ്രസ്തുത തുക പരാമർശം 1-2 ഉത്തരവുകൾ പ്രകാരം പുനരനുവദിച്ചിരുന്നെങ്കിലും തുക കൈമാറി ലഭിച്ചില്ലായെന്നും ബഡ്സ് സ്കൂളിന് സാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകുവാൻ ഉണ്ടെന്നും ആയതിനാൽ ടി തുക തിരികെ ലഭ്യമാക്കണമെന്നുമുള്ള പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീയുടെ പ്ലാൻ ഫണ്ട് ശീർഷകത്തിൽ നിന്നും മലപ്പുറം ജില്ലാ മിഷന് അനുവദിച്ചതും തുടർന്ന് റെസ്യൂം ചെയ്തതുമായ 10,01,213/-രൂപ (പത്ത് ലക്ഷത്തി ആയിരത്തി ഇരുനൂറ്റി പതിമൂന്ന് രൂപ) 2515 -00 -102 -29 പ്ലാൻ ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും കുടുംബശ്രീയുടെ 799012700000079 നമ്പർ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി തുക കുടുംബശ്രീയുടെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറി നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്തുത തുക പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് പുനരനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്.
ധനകാര്യ (വനിതാ ശിശുവികസന) വകുപ്പ് (WCD-3/148/2024-Fin.).
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (FM1/206/2024-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 22-01-2026 12:17:24